# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1613 — 12 /6/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഇടംനേടിയ എഴുപതിനായിരത്തോളം പേർക്ക് ധനസഹായം ലഭ്യമാകാത്ത സാഹചര്യമുണ്ടോ; | എ) | ഉണ്ട് |
| ബി) | മാനദണ്ഡങ്ങൾ പാലിക്കാത്തവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയതാണോ ഇതിന് കാരണമെന്ന് വ്യക്തമാക്കുമോ ; | ബി) & സി) & ഡി) | ലൈഫ് മിഷൻ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ നിന്നും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയാണ് ലൈഫ് മിഷൻ പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടിക.<br>ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പവയ്ക്കാൻ പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഇടം നേടിയവർക്ക് കഴിയാതെ വന്നതാണ് ധനസഹായം ലഭ്യമാക്കാത്തതിനു കാരണം |
| സി) | ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പവയ്ക്കാൻ പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഇടം നേടിയവർക്ക് കഴിയാതെ വന്നതും ഇതിന് കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| ഡി) | ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ വീഴ്ച സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന്റെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഇ) | ഭൂമി സംബന്ധമായ രേഖകൾ ഹാജരാക്കി തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിലേർപ്പെടുന്ന മുറയ്ക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ